"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

നമ്പർ:ബി4/സർക്കുലർ/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം-33.
തീയതി: 06.06.2017.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - യാത്രാപ്പടി ബില്ലുകൾ -പ്രീ ഓഡിറ്റ്- നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

-----

യാത്രാപ്പടി ബില്ലുകൾ പ്രീ ഓഡിറ്റിനായി സർക്കാരിൽ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ബില്ലുകൾ പ്രീ ഓഡിറ്റിനായി അയയ്ക്കുമ്പോൾ സർക്കാരിൽ ഇ-ഫയലിംഗ് സമ്പ്രദായമായതിനാൽ ബില്ലുകളും, എല്ലാ അനുബന്ധരേഖകളും (ഡ്യൂട്ടി സർട്ടിഫിക്കറ്റ്, റിലീവിംഗ് ഓർഡർ, ടൂർ ഡയറി, പ്രൊഫോർമ മുതലായവ) സ്കാൻ ചെയ്ത് <u>itdbill@gmail.com</u> എന്ന അഡ്രസിലേയ്ക്ക് മെയിൽ ചെയ്യുകയും കൂടി ചെയ്യേണ്ടതാണ്.
2. ബില്ലുകൾ നിയന്ത്രണാധികാരിക്കു മുന്നിൽ KSR Rule 5 (A) പ്രകാരം ഒരു വർഷത്തിനകം മേലൊപ്പിനായി സമർപ്പിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ബില്ലുകൾ ഇതിനുമുമ്പ് മാറിയിട്ടില്ലെന്ന് ബില്ലിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
4. KSR Part II 39,59,63,116 എന്നീ ചട്ടങ്ങൾ പ്രകാരം ദിനബത്തയുടെ അർഹത, ക്ലെയിമിന്റെ വിശ്യാസത, സ്വീകാര്യത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

To

Principals
ITI/RIC/AVTS/SPIU

എ.സ്. എച്ച്. 07.06.17